**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5505** **15-03-2023 - ൽ മറുപടിയ്ക്ക്**

**പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിന്റെ മൂന്ന് ഓഫീസുകളിൽ പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ട് 2018 മാർച്ച് മാസത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ; | (എ) | പ്ലാസ്റ്റിക് കാർഡ് രൂപത്തിലുള്ള ഡ്രൈവിംഗ് ലൈസൻസുകൾ മോട്ടോർ വാഹന വകുപ്പിന്റെ മൂന്ന് ഓഫീസുകളിൽ, ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി, കോഴിക്കോട് മുഖേന, നടപ്പിലാക്കുന്നതിന് G.O.(Rt)No.89/2018/Tran. dated 03/03/2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ടെണ്ടർ പ്രക്രിയ മുഖേനയാണോ പ്രസ്തുത സ്ഥാപനത്തെ പ്ലാസ്റ്റിക് കാർഡ് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്നതിന് തെരഞ്ഞെടുത്തത്; അല്ലെങ്കിൽ പ്രസ്തുത സ്ഥാപനത്തിന് ഈ ചുമതല നൽകിയത് എന്ത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | (ബി) | G.O.(Ms)No.1/2016/ITD dated 18/01/2016-ലെ വ്യവസ്ഥകൾ പ്രകാരം വിവിധ സർക്കാർ വകുപ്പുകളിൽ ഐ.ടി. സംബന്ധമായ വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ അടിസ്ഥാനത്തിലാണ് ഭരണാനുമതി നൽകിയിട്ടുള്ളത് . |
| (സി) | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി എത്ര ഡ്രൈവിംഗ് ലൈസൻസുകൾ അച്ചടിച്ച് നൽകിയെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിക്കായി ഊരാളുങ്കൽ സൊസൈറ്റിക്ക് മോട്ടോർ വാഹന വകുപ്പ് എത്ര തുകയാണ് നൽകിയതെന്ന് അറിയിക്കുമോ; | (സി) | 15206 എണ്ണം. 3,53,390/- രൂപ |
| (ഡി) | ഗുണമേന്മയില്ലാത്തതുകൊണ്ട് പ്രസ്തുത ഡ്രൈവിംഗ് ലൈസൻസിന് പകരം ലാമിനേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് നൽകേണ്ടതായി വന്നിട്ടുണ്ടോ; അപ്രകാരമുണ്ടായിട്ടുണ്ടെങ്കിൽ സർക്കാരിന് എത്ര രൂപയുടെ നഷ്ടമുണ്ടായെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ